**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2433</u> <u>08.12.2015-ൽ മറുപടിയ്ക്ക്</u>

## ആദിവാസി കോളനികളിലെ ദുരിതങ്ങൾ

**ചോദ്യം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**ശ്രീ.പി.തിലോത്തമൻ**
**ശ്രീ.കെ.അജിത്**
**ശ്രീ.ചിറ്റയം ഗോപകുമാർ**

**മറുപടി**

**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി കോളനികളിലെ ദുരിതങ്ങൾ മനസ്സിലാക്കാനും അവയ്ക്ക് പരിഹാരം കാണുന്നതിനും ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പരിഹാരം കാണുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ഇല്ല. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ കോളനികളുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കിയാണ് കോളനികളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. <br> പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന് പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു. <br> **1. <u>സമ്പൂർണ്ണ ഭവന നിർമ്മാണം</u>** <br> 2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവനരഹിതരുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഇവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി, ഹഡ്കോ വായ്പാതുക വിനിയോഗിച്ചുള്ള ഭവന നിർമ്മാണം, ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ പദ്ധതി നടപ്പിലാക്കി വരുന്നു. മിഷൻ 676 പദ്ധതി വഴി നാളിതു വരെ 24581 വീട് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **2. ഹാംലെറ്റ് വികസന പദ്ധതി**<br>പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളെയും മുൻനിർത്തി 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2015-16 വർഷം ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ നാളിതുവരെ 10 കോളനികളെ തെരഞ്ഞെടുക്കുകയും അതിൽ 4 കോളനികളിലെ പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടിലുമാണ്.<br>**3. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ**<br>2014-15 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ പഞ്ചായത്ത്, ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, ചിറ്റൂർ താലൂക്ക്, വയനാട് ജില്ലയിലെ മൂപ്പൈനാട്, മേപ്പാടി, നൂൽപ്പുഴ, പുൽപ്പള്ളി, പനമരം, തിരുനെല്ലി എന്നീ പഞ്ചായത്തുകൾ, കണ്ണൂർ |

ജില്ലയിലെ ഇരിട്ടി ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് എന്നിവിടങ്ങളിലെ പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ ചെലവഴിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**4. മോഡൽ കോളനി**

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം, വയനാട് എന്നീ ജില്ലകളിലെ 3 കോളനികളെയാണ് മോഡൽ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു കോളനിയിൽ ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലത്ത് പരമാവധി 25 (ഇരുപത്തിയഞ്ച്) കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷി ഫാം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്ത കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**5. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം**

- പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമായി അർഹരായവർക്ക് 50,000/-രൂപ വീതം നൽകി വരുന്നു.
- അരിവാൾ രോഗ ബാധിതർക്ക് ധന സഹായമായി പ്രതിമാസം 1000/-രൂപ വീതം അതാത് ജില്ലാ ആഫീസുകൾ മുഖേന നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | • ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് പ്രതിമാസം 1,000/-രൂപ ധനസഹായം അനുവദിച്ചു നൽകുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുട്ടിക്ക് 1 വയസ് പൂർത്തിയാകുന്നതുവരെ (പരമാവധി 18 മാസം) ടി ധനസഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 11850 ഗുണഭോക്താക്കൾക്ക് ധന സഹായംനൽകിയിട്ടുണ്ട്.<br>• പട്ടികവർഗ്ഗക്കാരിലെ അർഹരായ വംശീയ വൈദ്യൻമാർക്ക് 10,000/-രൂപ വാർഷിക ഗ്രാന്റായി നൽകി വരുന്നു.<br><br>**<u>പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം</u>**<br><br>നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ (NTTF) വിവിധ കേന്ദ്രങ്ങളിൽ ഡിപ്ലോമ കോഴ്സിലേയ്ക്ക് 300 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ 'പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന പദ്ധതിയിൽ 2.50 കോടി രൂപയും കോർപ്പസ് ഫണ്ടിൽ നിന്നും 1.25 കോടി രൂപയും എൻ.റ്റി.റ്റി.എഫിന് അനുവദിച്ച് പരിശീലനം നൽകി വരുന്നു. 2015-16 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | അഭ്യസ്ത വിദ്യരായ 371 കുട്ടികൾക്ക കൂടി പരിശീലനം ആരംഭിച്ചിട്ടുണ്ട്.<br>2014-15 വർഷം 67.76 ലക്ഷം രൂപ ചെലവഴിച്ച് 68 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എൻട്രൻസ് പരീക്ഷാ പരിശീലനം നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 80 കുട്ടികൾക്ക കൂടി പരിശീലനം നൽകുന്നതിനായി 87.56 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | യഥാസമയം ചികിത്സ ലഭിക്കാത്തതു മൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കുട്ടികളടക്കം എത്ര ആദിവാസികളാണ് മരണപ്പെട്ടിട്ടുള്ളത്; പ്രസ്തുത കാലയളവിൽ പോഷകാഹാരക്കുറവു മൂലം മരിച്ച കുട്ടികൾ എത്ര; പ്രായപൂർത്തിയായ ആദി[redacted]മോ? | ബി) | യഥാസമയം ചികിത്സ ലഭിക്കാത്തതിനാലും പോഷകാഹാരക്കുറവു മൂലവും കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ആദിവാസി വിഭാഗത്തിൽ ആരും മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>[redacted] |

സെക്ഷൻ ഓഫീസർ